<u>പതിമൂന്നാം കേരള നിയമസഭ</u>

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.**2147** — 07.12.2015-ൽ മറുപടിയ്ക്ക്

**<u>കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.കെ.ബി. ഗണേഷ് കുമാർ: | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി |
| (എ) കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ എത്ര കലാകാരന്മാർ അംഗങ്ങളായുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ 6983 അംഗങ്ങളാണ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. ഇവരിൽ 1567 പേർ ഈ ക്ഷേമനിധിയിൽ നിന്നും പെൻഷൻ വാങ്ങിവരുന്നവരാണ്. |
| (ബി) 2011-12 മുതൽ 15-16 വരെ വർഷങ്ങളിൽ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തിനായി നീക്കിവച്ച ബഡ്ജറ്റ് തുക എത്രയെന്ന് വ്യക്തമാക്കാമോ; | (ബി) 2011–12 മുതൽ 2015–16 വരെ സർക്കാർ കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന് താഴെപറയും പ്രകാരം ഫണ്ട് അനുവദിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| 2011–12 | 1 കോടി രൂപ | സാംസ്കാരിക ബമ്പർ ലോട്ടറിയിലൂടെ പിരിഞ്ഞുകിട്ടിയ തുകയുടെ അറ്റാദായത്തിൽനിന്നും അനുവദിച്ചത് |
| 2012–13 | 51.4 ലക്ഷം രൂപ | സാംസ്കാരിക ബമ്പർ ലോട്ടറിയിലൂടെ പിരിഞ്ഞു കിട്ടിയ തുകയുടെ അറ്റാദായത്തിൽനിന്നും അനുവദിച്ചത് |
| 2014–15 | 6 ലക്ഷം രൂപ | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി സർക്കാരിൽനിന്നും ലഭിച്ചത് |
| 2014–15 | 2 കോടി രൂപ | സെസ്സ് വരുമാനം ലഭിക്കുമ്പോൾ തിരിച്ചടക്കണമെന്ന വ്യവസ്ഥയിൽ അനുവദിച്ചത് |
| 2015–16 | 25 ലക്ഷം രൂപ | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായുള്ള ബഡ്ജറ്റ് വിഹിതം |

**ആകെ 382.4 ലക്ഷം രൂപ**

| | |
|---|---|
| (സി) ക്ഷേമനിധി ബോർഡിന്റെ വരുമാനമാർഗ്ഗങ്ങൾ എന്തൊക്കെയാണ്; എന്തൊക്കെ ക്ഷേമ പ്രവർത്തനങ്ങളാണ് അംഗങ്ങൾക്കായി നടത്തി വരുന്നത്; എത്ര | (സി) ക്ഷേമനിധി ബോർഡിൽ വരവ് വയ്ക്കാവുന്ന ഫണ്ടിനങ്ങളുടെ വിവരം ക്ഷേമനിധി ആക്ടിൽ ചട്ടം 3 (2) --ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആക്ടിന്റെ പ്രസക്ത ഭാഗം |

| | |
|---|---|
| അംഗങ്ങൾക്ക് പെൻഷൻ നൽകുന്നുണ്ടെന്നും പെൻഷൻ നൽകുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ; | അനുബന്ധം (1) ആയി ചേർക്കുന്നു. എന്നാൽ അംഗങ്ങൾ അടയ്ക്കുന്ന അംശദായ തുകയും അപേക്ഷയോടൊപ്പം ലഭിക്കുന്ന രജിസ്ട്രേഷൻ ഫീസ്, സിനിമാ പ്രേക്ഷകരിൽ നിന്നും ലഭിക്കുന്ന സെസ്സ്, സർക്കാരിൽ നിന്നും നല്കുന്ന ഫണ്ട് എന്നിവയാണ് നിലവിലെ വരവിനങ്ങൾ. 2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി വ്യവസ്ഥകൾ പ്രകാരമുള്ള പ്രവർത്തനങ്ങളാണ് ഈ ബോർഡ് കൈക്കൊണ്ടുവരുന്നത്. ക്ഷേമനിധി പദ്ധതി പ്രകാരം അംഗങ്ങൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരം അനുബന്ധം(2) ആയി ചേർത്തിട്ടുണ്ട്.<br><br>നിലവിൽ 1567 അംഗങ്ങൾക്കാണ് ക്ഷേമനിധി ബോർഡ് മുഖേന പെൻഷൻ നൽകിവരുന്നത്. ക്ഷേമനിധി പദ്ധതി വ്യവസ്ഥകൾ പ്രകാരം 60 വയസ്സിനുമുൻപ് തുടർച്ചയായി 5 വർഷത്തെ അംശദായം അടച്ചിട്ടുള്ള അംഗത്തിന് 60 വയസ്സ് കഴിയുമ്പോഴും, 60 വയസ്സ് കഴിഞ്ഞ അംഗങ്ങൾ പദ്ധതി നിഷ്കർഷിക്കുന്ന കാലപരിധിക്കുള്ളിൽ 5 വർഷത്തെ അംശദായം ഒറ്റത്തവണയായി അടച്ച് അംഗത്വം എടുക്കുന്ന മുറയ്ക്കും പെൻഷന് അർഹത കൈവരുന്നു. |
| (ഡി) പെൻഷൻ പദ്ധതി ഏത് വർഷമാണ് ആരംഭിച്ചത്; പദ്ധതിയ്ക്ക് മുടക്കം സംഭവിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മാസങ്ങളിലെന്നും അതിന്റെ കാരണവും വ്യക്തമാക്കാമോ; | (ഡി) 2013 ജനുവരി മാസം മുതലാണ് പെൻഷൻ പദ്ധതി ആരംഭിച്ചത്. ബോർഡിന്റെ വരുമാനം പ്രതീക്ഷക്കൊത്ത വണ്ണം ഉണ്ടാകാത്തതിനെ തുടർന്ന് (സെസ്സ് പിരിവും അംശദായവും) 2014 നവംബർ മുതൽ 2015 മാർച്ച് വരെ 5 മാസക്കാലം പെൻഷൻ നൽകുന്നതിന് മുടക്കം സംഭവിച്ചിട്ടുണ്ട്. തുടർന്ന് 2015 ഏപ്രിൽ മാസം മുതൽ പെൻഷൻ പുനഃരാരംഭിച്ചിട്ടുണ്ട്. മുടങ്ങികിടന്ന അഞ്ചുമാസത്തെ പെൻഷൻ തുകയിൽ നാലുമാസത്തെ പെൻഷൻ കുടിശ്ശിക ഇതിനകം നൽകിയിട്ടുണ്ട്. ഒരു മാസത്തെ കുടിശ്ശിക ഇനിയും നൽകാനുണ്ട്. |
| (ഇ) പെൻഷന് പുറമെ ചികിത്സാ ധനസഹായം, വിദ്യാഭ്യാസ സഹായം എന്നിവ നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ 2011-12 മുതൽ 15-16 വരെ വർഷങ്ങളിൽ എത്ര പേർക്ക് എത്ര തുക നൽകിയെന്ന് വ്യക്തമാക്കാമോ? | (ഇ) ക്ഷേമനിധി പദ്ധതി നിലവിൽവന്ന 2013 ജനുവരി മാസം മുതൽ നാളിതുവരെ 47 അംഗങ്ങൾക്ക് 17,55,275/- രൂപ ചികിത്സാ ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി പ്രകാരമുള്ള വിദ്യാഭ്യാസ സഹായത്തിനായി അർഹതയുള്ള ആരും മുന്നോട്ടു വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട് ചട്ടം 3 (2) -ന്റെ പകർപ്പ്

3

അനുബന്ധം - I

(2) പദ്ധതിയുടെയോ പദ്ധതികളുടെയോ കീഴിലുള്ള നിധിയിൽ ഇനി പറയുന്നവ വരവു വയ്ക്കേണ്ടതാണ്, അതായത് —

(i) 6-ാം വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള അംശദായങ്ങൾ ;

(ii) കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ തദ്ദേശ സ്ഥാപനങ്ങളോ മറ്റ് സർക്കാരിതര സ്ഥാപനങ്ങളോ സംഘടനകളോ വ്യക്തികളോ നൽകുന്ന ഗ്രാന്റുകളും വായ്പകളും മുൻകൂറുകളും സംഭാവനകളും ;

(iii) സംസ്ഥാന ലോട്ടറി വകുപ്പുമായി ചേർന്ന് നടത്തിയ ലോട്ടറി മുഖേന ശേഖരിച്ച ഫണ്ട് ;

(iv) 14-ാം വകുപ്പ് പ്രകാരം ബോർഡ് കടം വാങ്ങിയ തുക ;

(v) ബോർഡ് നടത്തിയ ഏതെങ്കിലും നിക്ഷേപത്തിന്റെയോ ഓഹരിയുടെയോ ലാഭമോ പലിശയോ ലാഭവിഹിതമോ ;

(vi) ആക്റ്റോ ചട്ടങ്ങളോ പദ്ധതിയോ പ്രകാരം ബോർഡ് സമാഹരിച്ച ഏതെങ്കിലും ഫീസ് ;

(vii) നിധിയിലെ തുക വർദ്ധിപ്പിക്കുന്നതിനായി ബോർഡ് മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നും സമാഹരിച്ച ഏതെങ്കിലും തുക ;

(viii) ഇരുപത്തിയഞ്ച് രൂപയിൽ കവിയുന്ന സിനിമാടിക്കറ്റ് വിലയിൽ നിന്ന് ബോർഡ് സമാഹരിച്ച തുക ;

(ix) 18-ാം വകുപ്പ് പ്രകാരം ഈടാക്കിയ കുടിശ്ശിക തുക ;

(x) നിധിശേഖരണത്തിനായി നടത്തുന്ന കലാ സാംസ്കാരിക പരിപാടികളിലൂടെ സ്വരൂപിക്കുന്ന തുക ;

(xi) ഒരു രൂപ പ്രകാരം ഡി. റ്റി. എച്ച്, കേബിൾ വരിക്കാരിൽ നിന്നും ശേഖരിക്കുന്ന തുക ;

(xii) പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം ഫണ്ടിലേക്ക് വരവ് വയ്ക്കേണ്ടതായ മറ്റേതെങ്കിലും തുക.

(3) നിധി ബോർഡിൽ നിക്ഷിപ്തമായിരിക്കേണ്ടതും അതിന്റെ ഭരണം ബോർഡ് ആക്റ്റിലെയോ ചട്ടങ്ങളിലെയോ പദ്ധതിയിലെയോ വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തേണ്ടതുമാണ്.

(4) 4-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ആവിഷ്ക്കരിച്ചിട്ടുള്ള ക്ഷേമ പദ്ധതികളുടെ നടത്തിപ്പിനായി, പ്രത്യേകിച്ചും ഇനി പറയുന്ന എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾക്കായി ഫണ്ട് ഉപയോഗിക്കേണ്ടതാണ്, അതായത്:—

(എ) അറുപത് വയസ്സ് പൂർത്തിയായിട്ടുള്ളതും 7-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം അംഗത്വം നേടിയിട്ടുള്ള ഏതൊരാളിനും പെൻഷൻ നൽകുന്നതിന് ;

(ബി) അറുപത് വയസ്സ് പൂർത്തിയായിട്ടുള്ളതും അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവിലേക്ക് തുടർച്ചയായോ ഒറ്റത്തവണയായോ അംശദായം അടച്ചിട്ടുള്ളതുമായ അംഗങ്ങൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള മുഴുവൻ ആനുകൂല്യങ്ങൾ നൽകുന്നതിന്;

Dup

Section officer

അനുബന്ധം - II

# ക്ഷേമനിധി ആനുകൂല്യങ്ങൾ

• കുറഞ്ഞത് 5 വർഷം തുടർച്ചയായി അംശദായം അടച്ച ഒരംഗത്തിന് 60 വയസ്സ് പൂർത്തിയാകുന്നമുറയ്ക്ക് പ്രതിമാസം 1000 രൂപ പെൻഷന് അർഹതയുണ്ട്. അഞ്ചുവർഷത്തിലധികം അംഗത്വത്തിന് ഓരോ അംഗത്വ വർഷത്തിനും **പ്രതിമാസം 100 രൂപ വീതം പെൻഷന് വ്യവസ്ഥയുണ്ട്.**

• ~~ക്ഷേമനിധിയിൽ കുറഞ്ഞത് 10 വർഷം അംശദായം അടച്ച് സ്ഥിരമായി~~ ശാരീരിക അവശത മൂലം കലാ സാംസ്കാരിക പ്രവർത്തനം നടത്താൻ കഴിയാത്ത അംഗത്തിനും മേൽ പറഞ്ഞ നിരക്കിൽ അവശതാ പെൻഷന് അർഹതയുണ്ട്.

• കുറഞ്ഞത് രണ്ടു വർഷം അംശദായം അടച്ച അംഗമോ, ക്ഷേമനിധി പെൻഷൻ ലഭിച്ചുവരുന്ന അംഗമോ, മരണപ്പെട്ടാൽ അയാളുടെ കുടുംബത്തിന് കുടുംബ പെൻഷന് അർഹതയുണ്ട്. ഏറ്റവും കുറഞ്ഞ കുടുംബ പെൻഷൻ 750 രൂപയാണ്.

• കുറഞ്ഞത് ഒരു വർഷമെങ്കിലും നിധിയിലേക്ക് അംശദായം അടച്ച അംഗത്തിന്റെയോ അംഗത്തിന്റെ പ്രായപൂർത്തിയായ പെൺമക്കളുടെയോ വിവാഹാവശ്യത്തിന് 25000 /- രൂപ വരെ ധന സഹായമായി ലഭിക്കുന്നതാണ്.

• ഒരംഗത്തിന്റെ മരണാന്തര ചെലവായി 3000 രൂപ നിധിയിൽ നിന്നും ലഭിക്കുന്നതിന് ....അർഹതയുണ്ട്.

• മൂന്നു വർഷമെങ്കിലും നിധിയിലേക്ക് അംശദായം അടച്ച അംഗത്തിന്റെ **ചികിത്സക്കായി അംഗത്വകാലയളവിൽ പരമാവധി 50000 /- ചികിത്സാ** സഹായമായി ലഭിക്കുന്നതാണ്. എന്നാൽ ഒരു പ്രാവശ്യത്തെ ചികിത്സാ സഹായം 25000 രൂപയിൽ കവിയുവാൻ പാടില്ല.

• ഹൃദ്രോഗം, കാൻസർ, വൃക്ക സംബന്ധമായ അസുഖങ്ങൾക്ക്, അംഗത്വം കാലാവധി പരിഗണിക്കാതെ പരമാവധി 75000 /- രൂപ നൽകുന്നതിന് വ്യവസ്ഥയുണ്ട്.

• അഞ്ചുവർഷത്തിൽ കുറയാത്ത കാലയളവിലേക്ക് അംശദായം അടച്ചിട്ടുള്ള അംഗങ്ങളുടെ മക്കൾക്ക് ബിരുദ / ബിരുദാനന്തര പഠന ചെലവുകൾക്കായി, വായ്പ തുക 60 തവണകളായി 6 % പലിശ സഹിതം തിരികെ അടക്കണമെന്ന [illegible], വായ്പ നൽകാവുന്നതാണ്. 90 ശതമാനമോ അതിലധികമോ മാർക്ക് **ലഭിച്ചിട്ടുള്ള അംഗങ്ങളുടെ മക്കൾക്ക് ഉപരിപഠനത്തിനായി 5000 രൂപ പ്രതിവർഷ**

Dep Section officer

സ്കോളർഷിപ്പ് നൽകാവുന്നതാണ്.

- മരണാനന്തര സഹായം, പ്രസവാനുകൂല്യം എന്നിവയ്ക്കും പദ്ധതിയിൽ വ്യവസ്ഥയുണ്ട്.